# അഹിംസാ പരമോ ധർമ്മാ -2

**സുധീർ പണിക്കവീട്ടിൽ**

അഹിംസാ പരിപാലനം ഒരു നിയമമായി അല്ലെങ്കിൽ ശാസനമായി കരുതേണ്ടതില്ലെന്ന് ശ്രീബുദ്ധൻ പറയുന്നു. കാരണം നിയമങ്ങൾ നമ്മൾ ലംഘിക്കുന്നു. ചലപ്പോൾ നിയമം നമ്മളുടെ അവകാശങ്ങളെ ലംഘിക്കുന്നു. അഹിംസയെ ഒരു മൂല തത്വമായി നാം മനസ്സിലാക്കണമെന്നും അദ്ദേഹം വിവരിക്കുന്നു. അധർമ്മത്തിനു നേരെ ബലം പ്രയോഗിക്കാമെന്ന ഹിന്ദു സങ്കൽപ്പത്തോട് ബുദ്ധമതം യോജിക്കുന്നുണ്ട്. ഒരു യോദ്ധാവിന്റെ ധർമ്മം കൊല്ലലല്ല. രാജ്യത്തെയും ജനങ്ങളേയും രക്ഷിക്കലാണു. ആ ധർമ്മാനുഷ്ഠനത്തിൽ കൊല അനിവാര്യമായി വരുമ്പോൾ അത് ധർമ്മ ഹിംസയാകുന്നു. അത് അഹിംസയുടെ മഹത്വത്തിനു ഹാനി വരുത്തുന്നില്ല. മഹാനായ അശോക ചക്രവർത്തി കലിംഗയുദ്ധത്തിന്റെ കെടുതികൾ കണ്ട് യുദ്ധം നിർത്തി ബുദ്ധമതം സ്വീകരിച്ചു. എച്.ജി. വെത്സ് അശോക ചക്രവർത്തിയെപ്പറ്റി ഇങ്ങനെ എഴുതുന്നു " യുദ്ധത്തിൽ വിജയിയായതിനു ശേഷം യുദ്ധം വേണ്ടെന്ന് വച്ച ഒരേ ഒരു പരമസേനാധിപൻ. എന്നാൽ യുദ്ധത്തിൽ നിന്നും വിരമിച്ചത്കൊണ്ട് പ്രയോജനമുണ്ടായില്ല. അധർമ്മത്തെ നശിപ്പിക്കാൻ യുദ്ധം അല്ലെങ്കിൽ ബലപ്രയോഗം അനിവാര്യമായി വന്നുകൊണ്ടിരുന്നു.

ധർമ്മബോധത്തോടെയുള്ളതായിരിക്കണം ഓരോ പ്രവരുത്തിയുടേയും ഉദ്ദേശ്യം. ഒരു പ്രവർത്തിയിലും സ്വർഥപരമായ പ്രേരണ ഉണ്ടാകരുത്. ഉദാഹരണമായി പറയുന്നത് ഒരു രാജ്യത്തെ മറ്റൊരു രാജ്യം ആക്രമിക്കുമ്പോൾ ആക്രമിക്കപ്പെടുന്ന രാജ്യത്തെ ഭടന്മാർ ആക്രമിക്കുന്നവരെ കൊന്നൊടുക്കുന്നു. അത് ഹിംസയകുന്നില്ല. എന്നാൽ ആക്രമിക്കുന്നവർ ആക്രമിക്കപ്പെടുന്ന രാജ്യത്തെ ഭടന്മാരെ കൊല്ലുന്നത് ഹിംസയാണു. അഹിംസയെക്കുറിച്ചുള്ള നിർവ്വചനത്തിൽ ഒരു ഉദാഹരണം പറയുന്നത് ഇങ്ങനെ - ദുർബ്ബലനായ ഒരു മനുഷ്യനെ ശക്തനായ ഒരു മനുഷ്യൻ അടിക്കുന്നു. ദുർബ്ബലനായ മനുഷ്യനു അടി തിരിച്ച്കൊടുക്കൻ കഴിവില്ല. അയാൾ അത് കൊള്ളുന്നു. എതിർക്കുന്നില്ല. ഇത് അഹിംസയല്ല കാരണം അടികൊണ്ട മനുഷ്യന്റെ മനസ്സിൽ പ്രതികാരവും സ്പർദ്ധയും ഉണ്ടാകുന്നുണ്ട്.

അഹിംസ പൂർണ്ണമായി പ്രായോഗികമാക്കാൻ പ്രയാസമാണു. വ്യക്തിപരമായ യതൊരു പ്രേരണയും കൂടാതെ ധർമ്മാനുസ്രുതമായ ഹിംസ നടത്തുന്നത് അഹിംസയാണെന്നു മനസ്സിലാക്കേണ്ടതാണ്. അഹിംസ ഏത്, ഹിംസ ഏത് എന്ന വിവേചനം ബുദ്ധിയാൽ നേടേണ്ടതാണ്. ധർമ്മം അനുസരിക്കുന്നതിൽ ഏറ്റവും കർക്കശമായിട്ടുള്ള നിയമം ബുദ്ധിയാണു. അതെങ്ങനെ ഉപയോഗിക്കുന്നു എന്നതിനെ അനുസരിച്ചിരിക്കും വ്യാഖാനങ്ങൾ. ഒരു പുലിയെ കാട്ടിൽ പോയി കൊല്ലുന്നത് പാപമാണു. എന്നാൽ പുലി നാട്ടിലേക്കിറങ്ങി വന്നാൽ ജീവരക്ഷാർത്ഥം അതിനെ കൊല്ലുന്നത് ഹിംസയാകുന്നില്ല.

അഹിംസയാണു' ഏറ്റവും പരമമായ ധർമ്മം. അതാണു പരമമായ സത്യവും. ആ സത്യത്തിൽ നിന്നും എല്ലാവിധ ധർമ്മങ്ങളും ഉത്ഭവിക്കുന്നു. കണ്ണിനു കണ്ണും പല്ലിനും പല്ലുമെന്നുള്ള വാദം ഹിന്ദുമത സിദ്ധാന്തങ്ങളുടെ ഭാഗമല്ല. ഹിന്ദു ശാസ്ത്രവിധികൾ സസ്യഭോജന സിദ്ധാന്തത്തെ ശക്തമായും വ്യക്തമായും അനുകൂലിക്കുന്നു. സദാചാര സംഹിതകൾ അടങ്ങുന്ന 2200 വർഷം പഴക്കമുള്ള തിരുക്കുറൾ എന്ന ശ്രേഷ്ഠമായ ക്രുതി മനസ്സാക്ഷിയെപ്പറ്റി പറയുന്നു. തന്റെ ആഹാരം ഒരു ജീവിയെ കശാപ്പ് ചെയ്തെടുത്ത മാംസം കൊണ്ടു പാചകം ചെയ്തതാണെന്ന് മനസ്സിലാക്കുന്ന മനുഷ്യൻ പിന്നെ അത് ഭക്ഷിക്കയില്ല. ആഹാരം ശുദ്ധിയുള്ളതാകുമ്പോൾ മനസ്സും ശരീരവും ശുദ്ധമാകുന്നു.

വ്യാധ ഗീത എന്ന പേരിൽ മഹാഭരതത്തിലെ വാന പർവ്വത്തിൽ ഒരു ബ്രാഹ്മിൻ സന്യാസിക്ക് അറിവു പകർന്നു കൊടുക്കുന്ന ഒരു വ്യാധനെ (വേടൻ, കശാപ്പുകാരൻ) കുറിച്ച് പറയുന്നുണ്ട്. മഹർഷി മാർക്കേണ്ടെയൻ യുധിഷ്ഠരനോട് പറയുന്നതാണു് സന്ദർഭം. ഗർവ്വിഷ്ഠനായ ബ്രാഹ്മിൻ സന്യാസി വിനീതനായ വ്യാധനിൽ നിന്നും ധർമ്മത്തെക്കുറിച്ച് പഠിക്കുന്നതായി നമ്മൾ വായിക്കുന്നു. ഒരു കർമ്മം എങ്ങനെ ചെയ്യുന്നു എന്നതിനെ അനുസരിച്ചാണു അതിൻെറ മഹത്വം നിലകൊള്ളുന്നതെന്ന് കശാപ്പുകാരനായ വ്യക്തി സന്യാസിയെ മനസ്സിലാക്കിക്കുന്നു. കഥ ഇങ്ങനെ –ഒരു സന്യാസി ധ്യാനത്തിലൂടേയും, കഠിന വ്രുതങ്ങളിലൂടേയും വളരെക്കാലം തപസ്സ് ചെയ്ത് ചില സിദ്ധികൾ ലഭിച്ച് ഒരു ദിവസം വിശ്രമിക്കുമ്പോൾ അദ്ദേഹത്തിൻെറ ദേഹത്ത് ഒരു ഉണക്കില വീണു. ഒരു കാക്കയും കൊക്കും തമ്മിൽ കശ-പിശ കൂടിയപ്പോൾ ഇല വീണതാണെന്ന് മനസ്സിലാക്കിയ സന്യാസി താൻ ആർജ്ജിച്ചെടുത്ത തപോബലം കൊണ്ട് ഒറ്റ നോട്ടത്തിൽ ആ പക്ഷികളെ ഭസ്മമാക്കി. അതിനു ശേഷം അദ്ദേഹം ഭിക്ഷക്കായി ഒരു വീട്ടിൽ ചെന്നു. രോഗിയായ ഭർത്താവിനെ ശുശ്രൂച്ചിരുന്ന ഭാര്യ സന്യാസിയോട് കാത്തിരിക്കാൻ പറഞ്ഞു. അത് കേട്ട് ക്ഷുഭിതനായ സന്യാസി – നിക്രുഷ്ടയായവളേ, നിനക്ക് എങ്ങനെ ധൈര്യം വന്നു എന്നോട് ഇത് പറയാൻ. നിനക്ക് എൻെറ തപോശക്തിയെപ്പറ്റി അറിയില്ല"

അത്കേട്ട് വീട്ടമ്മ പറഞ്ഞു. എന്നെ ദഹിപ്പിക്കാൻ ഞാൻ കാക്കയും കൊക്കുമല്ല. സന്യാസി അത്ഭുതപരതന്ത്രനായി ചോദിച്ചു. കാട്ടിൽ നടന്ന സംഭവം നീ എങ്ങനെ അറിഞ്ഞു.

വീട്ടമ്മ പറഞ്ഞു ഞാൻ തപസ്സനുഷ്ഠിക്കയോ ധ്യാനത്തിലിരിക്കയോ ചെയ്തിട്ടില്ല. എന്നാൽ എന്നിൽ നിക്ഷിപ്തമായ ചുമതലകൾ ഞാൻ മുഴുവൻ ഹ്രുദയത്തോടും സന്തോഷത്തോടും ചെയ്യുന്നു. അത്കൊണ്ട് എനിക്ക് നിങ്ങളുടെ ചിന്തകൾ അറിയാൻ കഴിയുന്നു. മിഥിലയിലുള്ള ധർമ്മിഷ്ടനായ ഒരു കശാപ്പുകാരൻെറ അടുത്ത് പോയി ചോദിക്കു, നിങ്ങൾക്ക് എല്ലാറ്റിനും മറുപടി കിട്ടും. അങ്ങനെ ചെയ്യാൻ തുടക്കത്തിൽ അറപ്പു തോന്നിയെങ്കിലും സന്യാസി വ്യാധൻെറ അടുത്ത് പോയി. സന്യാസിയെ വിസ്മയിപ്പിച്ച്കൊണ്ട് വ്യാധനും കിളികളുടെ കഥ പറഞ്ഞു. സന്യാസിയെ തൻെറ അടുക്കലേക്ക് അയച്ച വീട്ടമ്മയെപ്പറ്റി പറഞ്ഞു.

ഇത്രയും വ്രുത്തികെട്ട ജോലി ചെയ്യുന്ന നിങ്ങൾ എങ്ങനെ ജ്ഞാനിയായി. വ്യാധൻ പറഞ്ഞു. എൻെറ കർമ്മമനുസരിച്ച് ഞാൻ ജനിച്ച സാഹ്ചര്യത്തിലെ ജോലി ഞാൻ ചെയ്യുന്നു. കർത്തവ്യപാലനം എപ്പോഴും ദൈവത്തിനു സമർപ്പിച്ച്കൊണ്ടായിരിക്കണം. നിങ്ങൾ നിർദ്ദോഷരായ രണ്ട് കിളികളെ കൊന്നപോലെ ഞാൻ ആരെയും കൊല്ലുന്നില്ല. നമ്മൾ ഭൂമിയിലൂടെ നടക്കുമ്പോൾ ധാരാളം ജീവികളെ കൊല്ലുന്നുണ്ട്. ഒരു കർഷകൻ നിലം ഉഴുമ്പോൾ അനവധി ജീവികളെ കൊല്ലുന്നു. ക്രുഷി ചെയ്യുക കർഷകൻെറ കർത്തവ്യമാണു്. അഹിംസാ പരമോ ധർമ്മാ എന്ന് പറഞ്ഞു കർത്തവ്യങ്ങളിൽ നിന്നു ഒഴിഞ്ഞ് മാറുന്നത് ധർമ്മമല്ല.

സത്യവും അഹിംസയും ധർമ്മത്തിൻെറ രണ്ട് പ്രധാന സ്തംഭങ്ങളാണു്. അതിലൂടെ പരമമായ നന്മ കൈവരിക്കാൻ സാധിക്കും. സ്വധർമ്മാനുഷ്ഠാനം ക്രുത്യമായി നിർവ്വഹിക്കുന്ന ഒരു വ്യാധനു്, തപോബലവും ഉയർന്ന ജാതിയിൽ ജനിച്ചു എന്നഹങ്കരിക്കയും ചെയ്യുന്ന ഒരു സന്യാസിയെ പഠിപ്പിക്കാൻ സാധിച്ചു.

(തുടരും)